# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.180/2025** **തിരുവനന്തപുരം, തീയതി: 14.08.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ഒന്നാം വർഷ ബിഎഡ് പ്രവേശനം 2025 – 26
## ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള (ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കും രണ്ടാംഘട്ട സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 16 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയകോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് **16** ന് ഇ.എം.എസ് ഹാൾ കാര്യവട്ടത്ത് വച്ച് നടത്തുന്നതാണ്. രജിസ്ട്രേഷൻ സമയം രാവിലെ **8.30** മണി മുതൽ **10** മണി വരെയാണ്, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യതയും ജാതിയും (നോൺക്രീമിലെയർ, കമ്മ്യൂണിറ്റി, ഇ.ഡബ്ല്യൂ.എസ്, വരുമാനം, ഭിന്നശേഷി - **more than 40%)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പി ജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഒരു കോളേജിലെ ഏതെങ്കിലും കോഴ്സുകളിൽ ഒഴിവ് വരുന്ന പക്ഷം അതേ കോളേജിലെ മറ്റു കോഴ്സുകളിലേക്ക് സീറ്റ് കൺവെർഷൻ നടത്തി ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും **(https://admissions.keralauniversity.ac.in)** ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also)**. ഇമെയിൽ : bedadmission@keralauniversity.ac.in.

**കേരള സർവകലാശാല**
**ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2025**
**സ്പോട്ട് അലോട്ട്മെന്റ്**

**ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 19 നും കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 20, 21 തീയതികളിലും തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 22, 23 & 25 തീയതികളിലും**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ജനറൽ അലോട്ട്മെന്റുകളിൽ ആദ്യ ഓപ്ഷനായി (First Option) നൽകിയ കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് പ്രസ്തുത കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ (എസ്.സി/എസ്.ടി/പി.ഡബ്ല്യൂ.ഡി വിഭാഗക്കാർ ഒഴികെ) സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| ആലപ്പുഴ | ആഗസ്റ്റ് 19 | എല്ലാ പ്രോഗ്രാമുകളും | മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര |
| കൊല്ലം | ആഗസ്റ്റ് 20 | B.Sc, B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | എസ്.എൻ കോളേജ്, കൊല്ലം |
| | ആഗസ്റ്റ് 21 | BA (All Subjects) | |
| തിരുവനന്തപുരം | ആഗസ്റ്റ് 22 | B.Sc (All Subjects) | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | ആഗസ്റ്റ് 23 | B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | |
| | ആഗസ്റ്റ് 25 | BA (All Subjects) | |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8.30 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ യഥാസമയം ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ

പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും (പ്ലസ്ടു മാർക്ക് ലിസ്റ്റ്), സ്പെഷ്യൽ വെയ്റ്റേജ് സർട്ടിഫിക്കറ്റ് (NSS, NCC, SPC, EX SERVICE), ജാതിയും (Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates, EWS Certificate for EWS Candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പെക്ടസ് പേജ് നം. 74 കാണുക) ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 1390/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2800/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (https://admissions.keralauniversity.ac.in/fyugp2025).

*NOTE: കൊല്ലം, ആലപ്പുഴ മേഖലയിലെ സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവു വരുന്ന സീറ്റുകൾ തിരുവനന്തപുരം മേഖലയിലെ സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതായിരിക്കും.*

## പരീക്ഷ പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 1 വരെ നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎസ്‌സി മാത്തമാറ്റിക്സ് (റെഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2025 ആഗസ്റ്റ് 23 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബിഎ സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബിഎസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി (247), ബിഎസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) പരീക്ഷയുടെ ബയോകെമിസ്ട്രി പ്രാക്ടിക്കൽ 2025 ആഗസ്റ്റ് 21 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബിഎച്ച്എം/ബിഎച്ച്എംസിറ്റി), ആഗസ്റ്റ് 2025 പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ആഗസ്റ്റ് 21 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല ഇനി മുതൽ നടത്താനിരിക്കുന്ന സി.ബി.സി.എസ്. ബികോം (സപ്ലിമെന്ററി) പരീക്ഷകൾക്ക് കടയ്ക്കൽ പി.എം.എസ്.എ. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലെ വിദ്യാർത്ഥികൾ നിലമേൽ എൻ.എസ്.എസ്. കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ പരീക്ഷ എഴുതേണ്ടതാണ്.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിസിഎ (332) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2020 - 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2019 അഡ്മിഷൻ), ആഗസ്റ്റ് 2025 പരീക്ഷകൾക്ക് യു.ഐ.ടി. മണ്ണടി കേന്ദ്രമായ പരീക്ഷാർത്ഥികൾ യു.ഐ.ടി. അടൂരിലേക്ക് പരീക്ഷാകേന്ദ്രം മാറ്റിയിരിക്കുന്നു. ഹാൾടിക്കറ്റ് പുതിയ പരീക്ഷാകേന്ദ്രത്തിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2025 സെപ്റ്റംബറിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന രണ്ടാം സെമസ്റ്റർ എംബിഎ (ഫുൾടൈം/ട്രാവൽ ആന്റ് ടൂറിസം/ഡിസാസ്റ്റർ മാനേജ്മെന്റ്) (2024 സ്കീം – റെഗുലർ, 2020 സ്കീം – സപ്ലിമെന്ററി) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്സി (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2019 അഡ്മിഷൻ) പരീക്ഷയുടെ ബയോകെമിസ്ട്രി (കോർ & കോംപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിലിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ്/ബിസിഎ ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച

തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ആഗസ്റ്റ് 18 മുതൽ ആഗസ്റ്റ് 25 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഇ.ജെ.III സെക്ഷനിൽ ഹാജരാകേണ്ടതാണ്.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**